നം.66771/ഡി.ബി.2 /09/തസ്വഭവ

തദ്ദേശസ്വയം ഭരണ (ഡിബി) വകുപ്പ്
തിരുവനന്തപുരം, തിയതി. 08.01.2010

# സർക്കുലർ

വിഷയം:- മൃഗങ്ങളോടുള്ള ക്രൂരത തടയൽ (അറവുശാല) ചട്ടങ്ങൾ, 2000 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടും WP(c) Nos. 13805/04, 37093/04, 7000/2005, 2991, 3923, 8233, 9297 & 12998 of 2006, 704/09 & 6031/09 ന്റെ ഭാഗമായി പുറപ്പെടുവിച്ചിട്ടുള്ള ബഹു.ഹൈക്കോടതിയുടെ ഉത്തരവുകളുടെ വെളിച്ചത്തിലും ഭക്ഷ്യാവശ്യങ്ങൾക്കായി മൃഗങ്ങളെ കൊല്ലുന്നതും അതുമായി ബന്ധപ്പെട്ട് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നവീന അറവുശാലകൾ സ്ഥാപിക്കാനും നിലവിലുള്ള അറവുശാലകൾ നവീകരിക്കാനും നടപടി കൈക്കൊള്ളേണ്ടതുണ്ട്. അറവുശാലകളിൽ ഉണ്ടാകേണ്ട സൗകര്യങ്ങളെക്കുറിച്ച് 2000-ലെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ (അറവുശാല) ചട്ടങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. അറവുശാലകളുടെ സ്ഥാപിക്കലിനും പ്രവർത്തനത്തിനും നിഷ്കർഷിച്ചിട്ടുള്ള അവശ്യംവേണ്ട സൗകര്യങ്ങൾ മുകളിൽപ്പറഞ്ഞ ചട്ടങ്ങളിൽ അനുശാസിക്കുന്നതും ബഹു.കേരള ഹൈക്കോടതി നൽകിയിട്ടുള്ള ഉത്തരവുകളിൽ പ്രതിപാദിക്കുന്നതുമായ നിബന്ധനകൾ പാലിച്ചുവേണം തദ്ദേശഭരണ സ്ഥാപനങ്ങൾഅറവുശാലകൾ സ്ഥാപിക്കേണ്ടതും പ്രവർത്തിപ്പിക്കേണ്ടതും. ആകയാൽ താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചായിരിക്കണം അറവുശാലകൾ സ്ഥാപിക്കേണ്ടതും പ്രവർത്തിപ്പിക്കേണ്ടതും.

1. **അംഗീകാരമോ ലൈസൻസോ ഉള്ള അറവുശാലകളിലല്ലാതെ മറ്റൊരിടത്തും അറവു നടത്തുന്നത് അനുവദിക്കാൻ പാടുള്ളതല്ല**

(എ) അംഗീകാരമോ ലൈസൻസോ ഇല്ലാത്ത ഒരു അറവുശാലയ്ക്കുള്ളിൽ വച്ചല്ലാതെ തദ്ദേശസ്വയംഭരണ പ്രദേശത്ത് യാതൊരാളും ഒരു മൃഗത്തെയും അറവ് ചെയ്യാൻ പാടില്ല. കൂടാതെ താഴെക്കൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടുന്ന മൃഗങ്ങളെ അറവ് ചെയ്യാൻ അനുവദിക്കരുത്.

(i) ഗർഭിണി ആണെങ്കിൽ

(ii) മൂന്നു മാസത്തിൽ കുറഞ്ഞ പ്രായമുള്ള കുട്ടിയുണ്ടെങ്കിൽ

(iii) മൂന്നുമാസത്തിൽ കുറഞ്ഞ പ്രായമേ ഉള്ളൂവെങ്കിൽ

(iv) അറവു നടത്താൻ പറ്റുന്ന അവസ്ഥയിലുള്ളതാണെന്ന് മൃഗ ഡോക്ടർ സാക്ഷ്യ പത്രം നൽകിയിട്ടില്ലെങ്കിൽ

(ബി) അറവുശാല സ്ഥിതിചെയ്യുന്ന സ്ഥലത്തെ ജനങ്ങളുടെ ആവശ്യകതയും അറവുശാലയിലെ സൗകര്യങ്ങളും കണക്കിലെടുത്തുകൊണ്ട് തദ്ദേശ സ്ഥാപനാധികാരികൾക്ക് ഒരു ദിവസം പരമാവധി എത്ര മൃഗങ്ങളെ അറവു നടത്താം എന്നു നിജപ്പെടുത്താവുന്നതാണ്.

2. **ഏറ്റുവാങ്ങുന്ന സ്ഥലം അഥവാ വിശ്രമ സ്ഥലം ഒരുക്കൽ:-**

താഴെപ്പറയുന്ന സൗകര്യങ്ങൾ അറവുശാലകളിൽ ഉണ്ടായിരിക്കണം.

(എ) അറവിനു കൊണ്ടു വരുന്ന മൃഗങ്ങളെ ഏറ്റുവാങ്ങുന്ന സ്ഥലത്ത് രോഗ പരിശോധനക്കും മറ്റും ആവശ്യമായ സ്ഥലസൗകര്യവും ഏർപ്പെടു ത്തണം.

(ബി) ഒരു മൃഗ ഡോക്ടർ ഒരു മണിക്കൂറിനുള്ളിൽ 12 മൃഗങ്ങൾ എന്നതിൽ കൂടാ തെയും ദിവസം 96 മൃഗങ്ങൾ എന്നതിൽ കൂടാതെയും മാത്രമേ വിശദമായി പരിശോധന നടത്താവൂ.

(സി) പരിശോധനയ്ക്കുശേഷം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള തരത്തിൽ ഒരു യോഗ്യതാ സർട്ടിഫിക്കറ്റ് ഡോക്ടർ നൽകിയിരിക്കണം.

(ഡി) വാഹനങ്ങളിൽ നിന്നോ റെയിൽവേ വാഗണിൽ നിന്നോ മൃഗങ്ങളെ ഇറക്കുമ്പോൾ അറവുശാലയ്ക്കകത്തേക്ക് നേരിട്ട് കൊണ്ടെത്തിക്കാൻ പറ്റുന്ന തരത്തിൽ സ്ഥലത്തിന് ആവശ്യമായ ചരിവു (റാംപ്) നൽകിയിരിക്കണം. അവയ്ക്കു തീറ്റയും വെള്ളവും നൽകാനും വേണ്ടത്ര സ്ഥലസൗകര്യം ഉണ്ടായിരിക്കണം.

(ഇ) അറവുശാലകളിൽ കൊണ്ടു വരുന്ന മൃഗങ്ങളിൽ പകർച്ച വ്യാധിയും അണുബാധയും ഉണ്ടെന്നു സംശയിക്കപ്പെടുന്നവയെയും ഉപദ്രവകാരി കളെയും തീറ്റയും വെള്ളവും നൽകി പ്രത്യേക സ്ഥലങ്ങളിലേക്ക് മാറ്റി ഒറ്റ തിരിച്ചു നിർത്തണം.

(എഫ്) അറവുശാലകളിൽ മൃഗങ്ങളെ ഓരോരോ വിഭാഗങ്ങളിലായി തിരിച്ചു നിർത്തുന്നതിന് സ്ഥലമൊരുക്കുകയും അവിടെ തീറ്റയും വെള്ളവും നൽകുന്നതിന് സൗകര്യമൊരുക്കുകയും വേണം.

(ജി) അറവുശാലയിലെ മൃഗങ്ങൾക്കായുള്ള വിശ്രമ സ്ഥാനത്തിന് മേൽക്കൂരയുടെ സംരക്ഷണം ഉണ്ടായിരിക്കണം.

(എച്ച്) മൃഗങ്ങളെ അറവിനു മുമ്പായി പാർപ്പിക്കുന്ന ആലകൾ ഉറപ്പുള്ളതും വിടവില്ലാത്തതുമായ ഇഷ്ടികയോ കോൺക്രീറ്റോ പോലെയുള്ള തെന്നാത്തതും കുളമ്പുകൊണ്ട് ഇടിഞ്ഞു തകരാത്തതുമായിരിക്കണം. അവിടെ സൗകര്യപ്രദമായി മലിന ജലം ഒഴുക്കി വിടുന്നതിന് സൗകര്യമൊരുക്കുകയും ഒപ്പം, പ്രവേശന കവാടം ഒഴികെയുള്ള ഭാഗങ്ങളിൽ 150 – 300 മി.മീറ്റർ ഉയരത്തിൽ' ഉറപ്പുള്ള തിട്ട പണിത് ആലയ്ക്ക് തടയുണ്ടാക്കുകയും വേണം.

**3. മൃഗങ്ങൾക്ക് കിടക്കാനുള്ള ഇടത്തിൽ (ആലകൾ) ഉണ്ടാകേണ്ട സൗകര്യങ്ങൾ**

(എ) അറവിനുമുമ്പുള്ള 24 മണിക്കൂർ സമയം മൃഗങ്ങൾക്ക് വിശ്രമം അനുവദിക്കാനായി മൃഗ ഡോക്ടറുടെ പരിശോധനയ്ക്കുശേഷം അവയെയെല്ലാം ആലകളിലേക്ക് മാറ്റണം.

(ബി) അറവുശാലയിൽ കൊണ്ടു വരുന്ന മൃഗങ്ങൾക്കുള്ള ഇത്തരം ആലകൾ അവയുടെ എണ്ണത്തിനാനുപാതികമായ വലിപ്പത്തിൽ ഇടമൊരുക്കുന്ന തരത്തിലായിരിക്കണം.

(സി) അത്തരം ആലയ്ക്കായി നീക്കി വയ്ക്കാവുന്ന സ്ഥലം വലിയ മൃഗത്തിന് 2.8 ചതുരശ്ര മീറ്ററും ചെറിയ മൃഗത്തിന് 1.6 ചതുരശ്ര മീറ്ററും ആയിരിക്കണം

(ഡി) വളപ്പുകളിൽ സൂക്ഷിക്കുന്ന മൃഗങ്ങളെ അവയുടെ വലിപ്പവും തരവും അനുസരിച്ച് പ്രത്യേകമായി പാർപ്പിക്കേണ്ടതും ചൂട്, തണുപ്പ്, മഴ എന്നിവയിൽ നിന്ന് സംരക്ഷണം ലഭിക്കത്തക്കവിധത്തിൽ അവയുടെ നിർമ്മാണം നടത്തിയിരി ക്കേണ്ടതുമാണ്.

(ഇ) ആലകളിൽ ആവശ്യത്തിന് ജലലഭ്യതയും പോസ്റ്റ്മോർട്ടം പരിശോധനയ്ക്ക് സൗകര്യവും ഉണ്ടായിരിക്കണം.

4. **അറവ് നടത്തുവമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

(എ) മറ്റു മൃഗങ്ങൾ കാൺകെ ഒരു മൃഗത്തെയും അറവുശാലയ്ക്കുള്ളിൽ കൊല്ലാൻ പാടുള്ളതല്ല.

(ബി) പ്രത്യേക രോഗത്തിനോ അവശതയ്ക്കോ കൊടുക്കുന്ന മരുന്നല്ലാതെ കൊല്ലുന്നതിനു മുമ്പായി രാസ ദ്രവ്യങ്ങളോ, മയക്കുമരുന്നോ, ഹോർമോണോ ഒന്നും തന്നെ കൊടുക്കാൻ പാടുള്ളതല്ല.

(സി) മൃഗങ്ങളെ കൊല്ലുന്നത് മറ്റു മൃഗങ്ങൾ കാണാതിരിക്കാൻ വേണ്ടി അറവു ഹാളിൽ പ്രത്യേക മറകൾ പര്യാപ്തമായ വലിപ്പത്തിൽ ഒരുക്കണം.

(ഡി) മൃഗങ്ങളെ കൊല്ലുന്നതിനുമുമ്പായി ബോധം കെടുത്തുന്നതിനും അറവിനുശേഷം രക്തം ഒഴുക്കികളയുന്നതിനും അവയെ വൃത്തിയായി ഒരുക്കിയെടുക്കുന്നതിനും എത്രയും വേഗത്തിൽ പ്രത്യേകം സ്ഥാനങ്ങൾ കണ്ടെത്തണം.

(ഇ) അറവുശാലയിലെ അറവു നടത്തുന്ന സ്ഥലം മൃഗത്തിന് അനുയോജ്യമായ തരത്തിൽ സജ്ജീകരിക്കണം. പ്രത്യേകിച്ച് അനുഷ്ഠാനം നടത്തിയശേഷം അറവു നടത്തേണ്ടതായുണ്ടെങ്കിൽ അറവു നടത്തുന്ന ഇടവും അതിനോടനുബന്ധിച്ചുള്ള സ്ഥലവും നിർമിക്കേണ്ടത് അറവു നടത്തുന്ന ആളിന് എളുപ്പത്തിൽ പുറത്തു കടക്കാൻ പറ്റുന്ന വിധത്തിലും അതേ സമയം മാർഗതടസ്സം മറി കടന്നുകൊണ്ട് മൃഗങ്ങൾക്ക് ചാടിപ്പോകാൻ കഴിയാത്ത വിധത്തിലും ആയിരിക്കണം.

(എഫ്) കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം അറവുശാലയിലെ രക്തം വാർന്നു വീഴുന്ന സ്ഥലം നിശ്ചിത വലിപ്പത്തിലും മറ്റു മൃഗങ്ങൾക്കുമേലും കശാപ്പ് ചെയ്യപ്പെട്ടവയുടെ പുറത്തും രക്തം തെറിച്ചു വീഴാത്ത തരത്തിലും ആയിരിക്കണം.

(ജി) അറവുശാലയിലെ രക്തത്തിന്റെ ഒഴുക്കിവിടലും ശേഖരിക്കലും മറ്റും ഉചിതമായ രീതിയിൽ തന്നെ നടത്തണം.

(എച്ച്) അടിക്കടി വൃത്തിയാക്കൽ വേണ്ടി വരുമെന്നതിനാൽ തറയിലൊരിടത്ത് കഴുകാനുള്ള ഇടം ആവശ്യമാണ്. കശാപ്പുകാരന് അപ്പപ്പോൾ കൈകളും കത്തിയും വെടിപ്പാക്കുന്നതിന് വാഷ്ബെയ്സിനും കത്തി അണു വിമുക്തമാക്കാനുള്ള സജ്ജീകരണവും ഒരുക്കണം.

(ഐ) അറവുചെയ്ത മൃഗങ്ങളുടെ ഒരുക്കൽ (ഡ്രെസ്സിങ്ങ്) തറയിൽ വച്ച് ചെയ്യാൻ പാടുള്ളതല്ല. അവയുടെ തൊലിയും മറ്റും ഉരിക്കുന്നതിനും അവശിഷ്ടങ്ങൾ എത്രയുംവേഗം നീക്കം ചെയ്യുന്നതിനും സംവിധാനം വേണം.

(ജെ) മൃഗത്തോലും മറ്റും അറവുശാലയിൽ നിന്ന്, ചുറ്റിനും അടച്ചുറപ്പുള്ള കൈ വണ്ടിയിലോ താനേ അടയുന്ന വാതിലുള്ള ചരിവ് പ്രതലം വഴിയോ നീക്കം ചെയ്യണം. പരിശോധനാ വേളയിൽ ഒരു കാരണവശാലും അവ തറയിൽ ചിതറിക്കിടന്ന് കാണപ്പെടാൻ പാടുള്ളതല്ല.

(കെ) കഴുകലിനുള്ള സ്ഥലവും പര്യാപ്തമായത്ര എണ്ണം വാഷ്ബേസിനുകളും അണുവിമുക്തമാക്കാനുള്ള സംവിധാനവും അറവു ചെയ്ത മൃഗങ്ങളെ ഡ്രസ്

ചെയ്യുന്ന സ്ഥലത്ത് നൽകണം. കാലുകൾ, കൊമ്പുകൾ, മറ്റ് അവയവങ്ങൾ തുടങ്ങിയവ എത്രയും വേഗം നീക്കം ചെയ്യാൻ ഉന്തുവണ്ടികളും അടച്ചുറപ്പുള്ള കൈവണ്ടികളും മറ്റും ഉപയോഗിക്കുകയും അവ ഡ്രസ്സിങ്ങിനായുള്ള സ്ഥലത്തിന് കീഴേക്കൂടി കടത്തിക്കൊണ്ടു പോകാൻ കഴിയത്തക്ക വിധത്തിൽ അവയുടെ സഞ്ചാര മാർഗം സുഗമമാക്കുകയും വേണം.

(എൽ)അറവുശാലയിൽ അറവു നടത്തിയ പലതരം മൃഗങ്ങളുടെ ആന്തരികാവയവങ്ങളുടെ പരിശോധനയ്ക്കാവശ്യമായ സ്ഥല സൗകര്യവും മറ്റനുബന്ധ സംവിധാനവും ഏർപ്പെടുത്തിയിരിക്കണം. കൈകൾ വൃത്തിയാക്കുന്നതിനും ഉപകരണങ്ങൾ അണു വിമുക്തമാക്കുന്നതിനും തറ കഴുകുന്നതിനും ഉപയോഗ ശൂന്യമായ വസ്തുക്കൾ എളുപ്പത്തിൽ വേർ തിരിച്ചെടുക്കാനും മതിയായ സജ്ജീകരണങ്ങൾ ഉണ്ടായിരിക്കണം.

(എം) അറവു ചെയ്യപ്പെട്ട മൃഗങ്ങളെ തിരിച്ചറിഞ്ഞ്, പരിശോധനയിലൂടെ ഓരോ മൃഗത്തിന്റെയും ശരീരം, തല, ആന്തരാവയവങ്ങൾ മുതലായവ ഒരുമിച്ച് അടുക്കിയെടുക്കൽ എന്നിവയ്ക്കായി അറവുശാലയുടെ ഉടമ ആവശ്യമായ ക്രമീകരണങ്ങൾ നടത്തണം.

(എൻ)അറവ് ചെയ്യപ്പെട്ടവയുടെ ശരീരം കഴുകിയെടുക്കുന്നതിനും മറ്റുമായി മീറ്റർ ഒന്നിന് 33 മി.മീറ്റർ ചരിവോടു കൂടിയ ഓട ഉടമസ്ഥൻ തന്നെ ഏർപ്പെടുത്തണം.

**5. അറവുശാലയുടെ കെട്ടിടത്തിൽ ഉണ്ടാകേണ്ട സൗകര്യങ്ങൾ**

അറവുശാല സ്ഥിതി ചെയ്യുന്ന കെട്ടിടം അതിന്റെ ഉടമസ്ഥൻ താഴെപ്പറയുന്ന രീതിയിൽ പണിയുകയും സംരക്ഷിക്കുകയും വേണം.

**(എ) സ്ഥാപന മന്ദിരം**

(i) നിർമ്മാണത്തിനുപയോഗിക്കുന്ന സാധനങ്ങൾ വിടവില്ലാത്തതും എളുപ്പത്തിൽ കഴുകാൻ പറ്റുന്നതും ദ്രവീകരണത്തെ പ്രതിരോധിക്കുന്നതു മായിരിക്കണം.

(ii) തടി, പ്ളാസ്റ്റർ ബോർഡുകൾ, ശബ്ദ ക്രമീകരണ ശേഷിയുള്ള സുഷിരങ്ങളുള്ള ബോർഡുകൾ തുടങ്ങി ഈർപ്പം പിടിക്കുന്നതും വൃത്തിയാക്കാൻ ബുദ്ധിമുട്ടുള്ളതുമായ സാധനങ്ങൾ ഉപയോഗിക്കാ തിരിക്കണം.

**(ബി) തറകൾ**

ഈർപ്പം നിൽക്കാത്തതും വഴുക്കലില്ലാത്തതും പരുപരുത്തതും വേണ്ടത്ര ചരിവോടുകൂടിയതുമായിരിക്കണം.

**(സി) ഉരുട്ടി തേയ്ക്കൽ (cove)**

തറയും ഭിത്തിയും ചേരുന്ന മൂലകൾ അഴുക്ക് തങ്ങാത്ത തരത്തിൽ മൂലകൾ ഒഴിവാക്കി നിർമ്മിക്കണം. ഇതിനായി 100 മി.മീറ്ററിൽ കുറയാത്ത വ്യാസാർത്ഥം വരുന്ന തരത്തിൽ ഉരുട്ടി തേച്ച് മൂലകൾ ഒഴിവാക്കി നിർമ്മിക്കേണ്ടതാണ്.

**(ഡി) ഉൾഭിത്തികൾ**

(i) ഉൾഭിത്തികൾ മിനുസമുള്ളതും വിടവില്ലാത്ത വസ്തുക്കൾ കൊണ്ട് നിർമ്മിച്ചതും ആയിരിക്കണം. തിളക്കമുള്ള ഇഷ്ടികയും തറയോടും, പോർട്ട് ലാൻഡ് സിമന്റ് പ്ളാസ്റ്റർ, മാരകമല്ലാത്ത, ഈർപ്പ രഹിതമായ മറ്റു വസ്തുക്കൾ എന്നിവ ഇതിന് ഉപയോഗിക്കാം.

(ii) കൈവണ്ടിയും ഉന്തുവണ്ടിയും പോലുള്ള വാഹനങ്ങൾ ഇടിച്ച് ഉണ്ടാകാവുന്ന കേടുപാടുകൾ തടുക്കാൻ കഴിയുന്ന വിധത്തിൽ സാനിട്ടറി വസ്തുക്കൾ ഭിത്തികളിൽ പണിഞ്ഞിരിക്കണം.

(iii) ഉൾഭിത്തികൾ തറനിരപ്പിൽ നിന്ന് 2 മീറ്റർ ഉയരത്തിൽ വരെ കഴുകാൻ കഴിയുന്നതായിരിക്കണം. അങ്ങനെയെങ്കിൽ അവിടം മാലിന്യം കഴുകി മാറ്റി അണുവിമുക്തമാക്കി സംരക്ഷിക്കുകയും ആവാം.

**(ഇ) മച്ചുകൾ (സീലിങ്ങ്)**

(i) പണി മുറികളിലെ മച്ചുകൾക്ക് 5 മീറ്ററോ അതിൽ കൂടുതലോ ഉയരം ഉണ്ടായിരിക്കണം. കെട്ടിടത്തിന്റെ ഘടന അനുവദിക്കുമെങ്കിൽ മച്ചുകൾ മിനുസമുള്ളതും നിരപ്പുള്ളതുമായിരിക്കണം.

(ii) മച്ചുകൾ പോർട്ടു ലാൻഡ് സിമെന്റ് പ്ളാസ്റ്റർ കൊണ്ടോ വലുപ്പത്തിലുള്ള സിമെന്റ് ആസ്ബെസ്റ്റോസ് ബോർഡു കൊണ്ടോ നിർമ്മിച്ചതാകണം. അവ കൂടിച്ചേരുന്ന സന്ധികളിൽ അയവുള്ള മിശ്രണങ്ങൾ ചേർത്തും വിടവുകൾ സൃഷ്ടിക്കാത്ത സാധന സാമഗ്രികൾ കൊണ്ട് കൂട്ടി യോജിപ്പിച്ചും കട്ടിപടിക്കൽ, ജീർണിക്കൽ, ചെളി അടിഞ്ഞു കൂടൽ എന്നിവയുടെ തോത് കുറച്ചു കൊണ്ട് പണി പൂർത്തീകരിച്ചതായിരിക്കണം.

(iii) ചുമരിലെ തിളക്കമുള്ള ഭാഗത്തിനു മുകളിലുള്ള സ്ഥലവും മച്ചും വൃത്തിയായി സംരക്ഷിക്കുന്നതിന് വെള്ളത്തെ പ്രതിരോധിക്കുന്ന തരം പെയിന്റ് ഉപയോഗിച്ചിരിക്കണം.

**(എഫ്) ജനൽത്തട്ടുകൾ**

ശുചീകരണം എളുപ്പമാക്കാനും കൈവണ്ടികളും അതുപോലെയുള്ള സാമഗ്രികളും വഴി ജനൽത്തട്ടുകൾക്ക് കേടുപാടുകൾ ഉണ്ടാകുന്നത് ഒഴിവാക്കാനും ജനൽത്തട്ടുകൾക്ക് 45 ഡിഗ്രി ചരിവു നൽകണം. ജനൽപ്പടികൾ തറ നിരപ്പിൽ നിന്ന് 1200 മി. മീറ്റർ ഉയരത്തിൽ, യന്ത്ര സംവിധാനത്തോടെയോ അതല്ലെങ്കിൽ മേൽക്കൂരയിൽ വായു സഞ്ചാര മാർഗം ഇട്ടോ ഉചിതമായ രീതിയിൽ വായു സഞ്ചാരം ഉറപ്പാക്കുന്ന തരത്തിലായിരിക്കണം.

**(ജി) ഇടനാഴികളും വാതിലുകളും**

(i) ഉത്പന്നങ്ങൾ റയിൽ പാളങ്ങൾ വഴിയോ കൈവണ്ടിയിലൂടെയോ കൊണ്ടുപോകുന്ന ഇടനാഴികൾക്ക് ഏറ്റവും കുറഞ്ഞത് 1500 മി. മീറ്റർ ഉയരവും 1500 മി. മീറ്റർ വീതിയും ഉണ്ടായിരിക്കണം.

(ii) വാതിലുകൾ ഒന്നുകിൽ തുരുമ്പു പിടിക്കാത്ത ലോഹത്താൽ പൂർണമായി നിർമ്മിച്ചതാകണം. മറിച്ച് ഇളം തടി കൂടി ഉൾപ്പെട്ട തുരുമ്പു പിടിക്കാത്ത ലോഹം കൊണ്ടുള്ളതാണെങ്കിൽ നന്നായി വിളക്കി ചേർത്ത പാളികൾ കൊണ്ട് അതിന്റെ ഇരുവശവും പൊതിഞ്ഞിരിക്കണം.

(iii) വാതിൽപ്പടികൾ അഴുക്കോ, കീടങ്ങളോ അടിഞ്ഞു കൂടാവുന്ന വിടവുകൾ തീരെ ഇല്ലാത്ത തരത്തിൽ തുരുമ്പു പിടിക്കാത്ത ലോഹം കൊണ്ട് സുരക്ഷിതമായി ഉറപ്പിച്ചിരിക്കണം. വാതിൽ ഭിത്തിയോടു ബന്ധിപ്പിക്കുന്ന ഭാഗത്ത് അയവുള്ള ഉറപ്പ് മിശ്രണങ്ങൾ ചേർത്ത് അടച്ചിരിക്കണം.

**(എച്ച്) അരിപ്പകളും കീട നിയന്ത്രണവും**

പ്രാണികൾ കടക്കാനിടയുള്ള എല്ലാ ജനലുകളിലും ഇടനാഴികളിലും മറ്റു വാതായനങ്ങളിലും അവയെ തടുക്കുന്ന അരിപ്പകൾ പിടിപ്പിക്കണം. ഭക്ഷ്യ വസ്തുക്കളുടെ കൈമാറ്റംനടക്കുന്ന സ്ഥലത്ത് ഭിത്തിയുടെ പുറവശം വരെയുള്ള ഇടനാഴികളിൽ പ്രാണികളെ തുരത്തുന്ന ഫാനുകളും കുഴലുകളും ജനൽ വിരികളും സ്ഥാപിക്കുകയും വേണം.

**(ഐ) കരണ്ടുതിന്നുന്ന ജീവികളിൽ നിന്നുള്ള സംരക്ഷണം**

മിനുസമുള്ള തറയോ ഇഷ്ടികയോ അതുപോലെയുള്ള മറ്റു വസ്തുക്കളോ കൊണ്ട് ഭിത്തികൾ നിർമ്മിച്ചിട്ടുള്ളവയോ ഒഴികെയുള്ള, എല്ലാ ഭിത്തികളും തറയും ചേരുന്നയിടങ്ങളിൽ 12.5 മി. മീറ്റർ വലക്കണ്ണിയിൽ കൂടാത്ത വലിപ്പ മുള്ള സുഷിരമുള്ള ലോഹത്തകിടോ കമ്പി വലയോ ഉറപ്പിച്ചിരിക്കണം. എലിയും മറ്റും കടക്കാതിരിക്കാൻ പാകത്തിൽ വേണ്ടത്ര ഉയരത്തിലും നീളത്തിലും അവ വലിച്ചു കെട്ടിയിരിക്കുകയും വേണം.

**(ജെ) വണ്ടികൾ ഇടുന്ന സ്ഥലം**

(i) വണ്ടികളിൽ സാധനങ്ങൾ കയറ്റുകയും ഇറക്കുകയും ചെയ്യുന്ന ഇടങ്ങളിൽ, നന്നായി വെള്ളം വാർന്നു പോകുന്നതും കെട്ടിടത്തിൽ നിന്ന് 6 മീറ്ററെങ്കിലും തള്ളി നിൽക്കുന്നതുമായ കോൺക്രീറ്റ് പാകിയ കയറ്റിറക്ക് സ്ഥലമോ ജന്തുക്കൾക്കായുള്ള പ്ളാറ്റ്ഫോറമോ നൽകിയിരിക്കണം.

(ii) അത്തരം സ്ഥലങ്ങളിൽ മൃഗങ്ങളെ വഹിച്ചു കൊണ്ടുപോകുന്ന വാഹനങ്ങൾക്കു വേണ്ടി മർദ്ദത്താൽ വൃത്തിയാക്കൽ നടത്തുന്ന ജലധാരാ സംവിധാനവും അണുവിമുക്ത സൗകര്യങ്ങളും ഒരുക്കിയിരിക്കണം.

**(കെ) മലിനജല ഓടകൾ**

(i) ജലം ഉപയോഗിക്കേണ്ട ആവശ്യമുള്ള ഇടങ്ങളിൽ മലിന ജലം ഒഴുകിപ്പോകുന്നതിന് സൗകര്യം ഏർപ്പെടുത്തണം. ഓരോ 37 ചതുരശ്ര മീറ്റർ തറ വിസ്തീർണത്തിനും മലിനജല ഗമനമാർഗം (ഓടകൾ) സജ്ജ മാക്കിയിരിക്കണം.

(ii) സാധാരണ ഗതിയിൽ മലിനജല ഗമന മാർഗത്തിന്റെ ഓരോ മീറ്റർ നീളത്തിനും ഏകദേശം 20 മി.മീറ്റർ ചരിവു നൽകുകയും അവ മലിനജലം കെട്ടി നിൽക്കാവുന്ന കുഴികളില്ലാത്ത തരത്തിൽ ഓരേ നിരപ്പോടെ യാണെന്ന് ഉറപ്പാക്കുകയും വേണം.

(iii) ശീതികരിച്ച മുറികളിലോ വരണ്ട സൂക്ഷിപ്പു സ്ഥലങ്ങളിലോ ഓവു ചാലുകൾ ഇടരുത്. ഇടുക്കുകളിൽ കെട്ടി നിൽക്കുന്ന വെള്ളം മറ്റ് സംവിധാനങ്ങൾ ഒരുക്കാതെ തന്നെ ആവിയായി പോകാവുന്നതാണെങ്കിൽ, അത്തരം മുറികളിൽ ഓവുകൾ ഘടിപ്പിക്കുമ്പോൾ അവയ്ക്കനുയോജ്യമായ ഇളക്കി മാറ്റാനാകുന്ന ലോഹം കൊണ്ടുള്ള സ്ക്രൂ പ്ളഗ്ഗുകൾ നൽകിയിരിക്കണം.

**(എൽ) മലിനജല ഗമന മാർഗത്തിലെ കുഴികളും ദ്വാരങ്ങളും**

(i) രക്തമൊഴുകിപ്പോകുന്ന ചാലുൾപ്പെടെയുള്ള ഓരോ ഓവുചാലിനും ആഴത്തിൽ ഉള്ള ഒരു തടം (ട്രാപ്പ്) ഒരുക്കിയിരിക്കണം (P/U/S ആകൃതിയിൽ)

(ii) മലിനജല ഗമനമാർഗ്ഗങ്ങൾ, പുറമേയ്ക്ക് വായു സഞ്ചാരമുണ്ടാകത്തക്ക രീതിയിലുള്ളതും മതിയായ തോതിൽ അരിപ്പകൾ സജ്ജീകരിച്ചതും ആയിരിക്കണം.

**(എം) ശുചിത്വത്തിനുള്ള മലിനജല ഗമനമാർഗങ്ങൾ**

ശൗചാലയങ്ങളിൽ നിന്നും മൂത്രപ്പുരകളിൽ നിന്നുമുള്ള മലിനജല ഗമന മാർഗങ്ങൾ പ്ളാന്റിനുള്ളിലെ അത്തരം പാതകളുമായി ബന്ധിപ്പിക്കാതിരിക്കുകയും വഴുവഴുപ്പുള്ള അറകളിലേക്ക് ഒഴുക്കി വിടാതിരിക്കുകയും വേണം. ചോർച്ചകൾ സംഭവിക്കുകയാണെങ്കിൽ ഉത്പന്നങ്ങളെയോ ഉപകരണങ്ങളെയോ ഒരു തരത്തിലും ബാധിക്കാതിരിക്കത്തക്ക രീതിയിലായിരിക്കണം അവ സ്ഥാപിച്ചിരിക്കേണ്ടത്.

**(എൻ) വെളിച്ചം നൽകലും വായു സഞ്ചാരം ഉറപ്പാക്കലും**

(i) വേണ്ടത്ര തോതിൽ നേരിട്ടുള്ള സൂര്യ പ്രകാശവും വായു സഞ്ചാരവും ലഭിക്കുന്നതോ അതല്ലെങ്കിൽ സമൃദ്ധമായി കൃത്രിമ വെളിച്ചവും യന്ത്ര സംവിധാനത്തോടെയുള്ള വായു ക്രമീകരണവും ഉള്ളതോ ആയ ശീതികരണം നടത്തിയിട്ടില്ലാത്ത പണി മുറികൾ നൽകണം.

(ii) മേൽത്തട്ടിനും ജനലുകൾക്കും നന്നായി പ്രകാശം കടന്നു പോകുന്ന നിറമില്ലാത്ത കണ്ണാടികൾ പിടിപ്പിച്ചിരിക്കണം.

(iii) പണി മുറിയുടെ തറ വിസ്തീർണ്ണത്തിന്റെ ഏകദേശം നാലിൽ ഒരു ഭാഗം കണ്ണാടി പിടിപ്പിച്ചിതാകണം. അടുത്തടുത്തായുള്ള കെട്ടിടങ്ങൾ, തൊട്ടുമുകളിലായി ഇടുക്കമുള്ള ഇടങ്ങൾ, എടുപ്പുകൾ എന്നിങ്ങനെ നേരിട്ടുള്ള സൂര്യപ്രകാശത്തിന് തടസ്സമുണ്ടാകുന്ന സ്ഥലങ്ങളിൽ ഈ അനുപാതം വർധിപ്പിക്കാം.

(iv) പര്യാപ്തമായ തോതിൽ സൂര്യപ്രകാശം കിട്ടാത്തയിടങ്ങളിലെല്ലാം കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള അകലം പാലിച്ചുകൊണ്ട് ഗുണമേന്മയുള്ള കൃത്രിമ വെളിച്ചം നൽകിയിരിക്കണം.

(ഒ) എല്ലാ അറവുശാലകളിലും മൃഗങ്ങളെ അറവു നടത്തുന്ന ഹാളിലും പണി മുറികളിലും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള അകലങ്ങളിൽ 200 (lux) ൽ കുറയാത്ത സാന്ദ്രതയിലുള്ള കൃത്രിമ വെളിച്ചം നൽകിയിരിക്കണം. മാംസ പരിശോധന നടത്തുന്ന സ്ഥലത്ത് ഇത് 500 (lux) ൽ കുറയാതെയിരി ക്കുകയും വേണം.

(പി) എല്ലാ അറവുശാലകളിലും അനുയോജ്യവും പര്യാപ്തവുമായ തോതിൽ വായു സഞ്ചാര സൗകര്യം ഏർപ്പെടുത്തിയിരിക്കണം. ഉരിഞ്ഞെടുത്ത ഡ്രസു ചെയ്ത മാംസത്തിന്മേൽ നേരിട്ടുള്ള സൂര്യപ്രകാശം ഏൽക്കാത്ത തരത്തിലായിരിക്കണം അറവു പുരയുടെ നിർമ്മാണം.

(ക്യൂ) പരിസരത്തായി പര്യാപ്തമായ മർദ്ദത്തിൽ, വേണ്ടത്ര തോതിൽ, സുരക്ഷിതമായ ശുദ്ധ ജല ലഭ്യത സ്ഥിരമായി ഉറപ്പാക്കിയിരിക്കണം.

(ആർ) തറ വൃത്തിയാക്കുമ്പോൾ സാധാരണ ഗതിയിലുള്ള കഴുകലിന് ആവശ്യമായ ജലധാരാ മർദ്ദം; കഴിയുന്നതും 200 - 330 kPa ആയിരിക്കണം.

(എസ്)അറവു നടത്തിയ മൃഗശരീരം നന്നായി വൃത്തിയാക്കിയെടുക്കുന്നതിന് 1000 - 1700 kPa മർദ്ദം നിലനിർത്തിയിരിക്കണം.

(റ്റി) അറവു നടത്തുന്ന തറയിലും, പണിപ്പുരയിലും കഴിയുന്നതും 37 സ്ക്വയർ മീറ്റർ സ്ഥലമെങ്കിലും തറ കഴുകലിനുള്ള പോയിന്റായി നൽകിയിരിക്കണം.

(യു) അറവുപുരയിലും പണിമുറിയിലും ജോലി സമയങ്ങളിൽ ശുദ്ധമായ ചൂടുവെള്ളത്തിന്റെ സ്ഥിരമായ വിതരണം ഉണ്ടായിരിക്കണം. ഉപകരണങ്ങൾ ഇടയ്ക്കിടെ അണുവിമുക്തമാക്കാൻ ഉപയോഗിക്കുന്ന ചൂടുവെള്ളത്തിന്റെ താപനില 82 ഡിഗ്രി സെൽഷ്യസിൽ കുറയാതിരിക്കണം.

(വി) ശുചീകരണത്തിനാവശ്യമായ അറ്റകുറ്റപ്പണികൾ വേണ്ടി വരുന്നിടത്തെല്ലാം പൂർണമായും സ്വയം പ്രവർത്തനക്ഷമതയുള്ള ഉപകരണങ്ങൾ നിർമ്മിക്കുകയും സ്ഥാപിക്കുകയും ചെയ്തിരിക്കണം.

(ഡബ്ല്യൂ)അറവുശാലകളിൽ താഴെപ്പറയുന്ന വസ്തുക്കൾ ഉപയോഗിക്കാ തിരിക്കണം.

(i) ഭക്ഷ്യയോഗ്യമായ വസ്തുക്കൾ തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്ന ഉപകരണങ്ങളിൽ ചെമ്പും ചെമ്പിന്റെ ലോഹക്കൂട്ടുകളും.

(ii) ഭക്ഷ്യ യോഗ്യമായ വസ്തുക്കൾ കൈകാര്യം ചെയ്യുന്ന കാഡ്മിയം (യാതൊരു വിധരൂപത്തിലും) ഉള്ള ഉപകരണങ്ങൾ.

(iii) വസ്തുക്കൾ തയ്യാറാക്കുന്ന ഭാഗത്ത് പെയിന്റു ചെയ്തിട്ടുള്ള ഉപകരണം

(iv) ഇനാമലുള്ള കണ്ടെയ്നറുകളും ഉപകരണങ്ങളും ആശാസ്യമല്ല.

(v) ഈയം

(എക്സ്)സ്ഥിരമായി ഉറപ്പിച്ചു നിർത്തുന്ന എല്ലാ ഉപകരണങ്ങളും വൃത്തിയാക്കലിനും പരിശോധനകൾക്കും സഹായകമാകുന്ന തരത്തിൽ ഭിത്തിയിൽ നിന്ന് വേണ്ടത്ര അകലത്തിൽ (കുറഞ്ഞത് 300 മി. മീറ്റർ) ആയിരിക്കണം

(വൈ)സ്ഥിരമായി ഉറപ്പിച്ചു നിർത്തുന്ന എല്ലാ ഉപകരണങ്ങളും വൃത്തിയാക്കലിനും പരിശോധനകൾക്കും സഹായകമാകുന്ന തരത്തിൽ തറയിൽ നിന്ന് വേണ്ടത്ര ഉയരത്തിലോ (കുറഞ്ഞത് 300 മി. മീറ്റർ) അതല്ലെങ്കിൽ തറയിൽ പൂർണമായും ചേർത്തുറപ്പിച്ചോ (തീരെ ഇടയില്ലാത്ത വിധം) സ്ഥാപിച്ചിരിക്കണം.

**6. അറവുകാരനെ നിയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

(എ) മുനിസിപ്പാലിറ്റിയോ മറ്റ് തദ്ദേശ സ്ഥാപന അധികാരിയോ നൽകിയിട്ടുള്ള അംഗീകൃത ലൈസൻസോ അധികാര പത്രമോ ഇല്ലാത്ത ഒരാളിനെ അറവുശാലയുടെ ഉടമസ്ഥനോ കൈവശാവകാശക്കാരനോ മൃഗങ്ങളെ അറക്കാനായി നിയോഗിക്കാൻ പാടില്ല.

(ബി) 18 വയസ്സ് പൂർത്തിയാകാത്ത ഒരാളിനെ യാതൊരു തരത്തിലും അറവു ശാലയിൽ ജോലിക്കു നിർത്താൻ പാടില്ല.

(സി) പകർച്ചവ്യാധിയോ അണുബാധയോ ഉള്ള ഒരാളിനെ മൃഗങ്ങളെ അറക്കാൻ അനുവദിക്കാൻ പാടില്ല.

7. **അറവുശാലയിലെ പരിശോധന നടത്താൻ ചുമതലയുള്ളവർ**

(എ) അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയോ അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും വ്യക്തിക്കോ അനിമൽ വെൽഫയർ ഒർഗനൈസേഷനോ അറവുശാലയുടെ ഉടമസ്ഥനെയോ ചുമതലക്കാര നെയോ ജോലി സമയത്ത് മുൻകൂട്ടി അറിയിക്കാതെ ഏതു സമയത്തും മുകളിൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിക്കുന്നു ണ്ടോയെന്ന് ഉറപ്പു വരുത്തുന്നതിനായി പരിശോധന നടത്താൻ അധികാരം ഉള്ളതാണ്.

(ബി) അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും വ്യക്തിയോ അനിമൽ വെൽഫെയർ ഓർഗനൈസേഷനോ പരിശോധനയ്ക്കു ശേഷം തയ്യാറാക്കിയ റിപ്പോർട്ട് മുകളിൽപ്പറഞ്ഞ വ്യവസ്ഥകൾ ഏതെങ്കിലും ലംഘനം ഉണ്ടായിട്ടുണ്ടെങ്കിൽ നിയമ നടപടികളടക്കം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയ്ക്കും മറ്റ് ബന്ധപ്പെട്ട അധികാരികൾക്കും നൽകാൻ ചുമതലയുണ്ട്.

മുകളിൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിക്കപ്പെടുന്നു എന്നുറപ്പാക്കേണ്ടത് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ചുമതലയാണ്.

**എസ്.എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
എല്ലാ കോർപ്പറേഷൻ മേയർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ ചെയർമാൻമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സെക്രട്ടറി, മലിനീകരണ നിയന്ത്രണ ബോർഡ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (പത്രമാധ്യമങ്ങളിൽ പരസ്യം ചെയ്യുന്നതിനായി)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കൃഷി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്